# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2303** — **18/02/2016-ൽ മറുപടിക്ക്**

### ആയുഷ് ഹോളിസ്റ്റിക്ക് കേന്ദ്രങ്ങൾ

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഹൈബി ഈഡൻ
ശ്രീ. എം.പി.വിൻസെന്റ്

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ : | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി, യോഗ, പ്രകൃതി ചികിത്സാ എന്നീ ചികിത്സാ സമ്പ്രദായങ്ങളെ ഒരു കുടക്കീഴിൽ ലഭ്യമാക്കുക; രോഗികൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ചികിത്സാ സമ്പ്രദായങ്ങളെ തിരഞ്ഞെടുക്കുക; ഡോക്ടർമാർക്ക് രോഗികളെ പരസ്പരം റഫർ ചെയ്യുക; പഴകിയ രോഗങ്ങൾക്ക് സംയോജിത ചികിത്സ നൽകുക എന്നീ ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഹോമിയോപ്പതി വകുപ്പിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാഷണൽ ഹെൽത്ത് മിഷനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം ആരംഭിച്ചു. സംസ്ഥാനത്തെ നാല് ജില്ലകളിൽകൂടി ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ